**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3334** **13-07-2022 - ൽ മറുപടിയ്ക്ക്**

**പോക്കുവരവ് സംബന്ധിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി പോക്കുവരവ് സംബന്ധമായി വിവിധ കാരണങ്ങളാൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ; | (എ) | 06/07/2022 ൽ കേരള സംസ്ഥാനത്ത് ആകെ 197997 അപേക്ഷകൾ പോക്കുവരവ് ചെയ്യുന്നതിനായി ബാക്കി നിൽക്കുന്നു. |
| (ബി) | പോക്കുവരവിനായി ലഭിക്കുന്ന അപേക്ഷകൾ ഏതെല്ലാം വകുപ്പുകൾ കാണണമെന്നും ഇവ എത്ര ദിവസം കൊണ്ടാണ് തീർപ്പാക്കേണ്ടത് എന്നും വ്യക്തമാക്കുമോ; | (ബി) | പോക്കുവരവിനുള്ള അപേക്ഷകൾ റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. സബ് ഡിവിഷൻ ഇല്ലാത്ത കേസുകൾ വില്ലേജ് ഓഫീസറും, സബ് ഡിവിഷൻ ഉള്ള കേസുകൾ ഭൂരേഖ തഹസിൽദാരും പോക്കുവരവ് അനുവദിക്കുന്നു. നിയമ തടസമോ സാങ്കേതിക തടസമോ ഇല്ലാത്ത സബ്ഡിവിഷൻ ഉള്ള കേസുകൾ 40 ദിവസത്തിനകം പോക്കുവരവ് ചെയ്യണമെന്ന് സേവനാവകാശ നിയമത്തിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. മറ്റു കേസുകളിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | മാറനല്ലൂർ വില്ലേജ് ഓഫീസിലെ റീ സർവ്വെ 35/03 ൽ പെട്ട ഭൂമിയുടെ പോക്കുവരവിനായി കാട്ടാക്കട താലൂക്ക് ഓഫീസിലെ കെ1/18802/18 നമ്പർ ഫയലിൽ അപേക്ഷ എന്നാണ് ലഭിച്ചതെന്നും പോക്കുവരവിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ? | (സി) | ശ്രീ. ദേവദാനം 24.10.2018-ൽ പോക്കുവരവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവെയർ മുഖാന്തിരം സ്ഥലവും റിക്കാർഡും പരിശോധിച്ചതിൽ ഊരൂട്ടമ്പലം സബ് രജിസ്ട്രാർ ഓഫീസിലെ 1524/06 നമ്പർ വിലയാധാര പ്രകാരം മാറനല്ലൂർ വില്ലേജിലെ ബ്ലോക്ക് 12-ൽ റിസർവ്വെ 35/3-ൽപ്പെട്ട 05.20 ആർ സ്ഥലം അപേക്ഷകനായ ശ്രീ.ദേവദാനത്തിന് സിദ്ധിച്ചിട്ടുള്ളതായും സ്ഥല പരിശോധനയിൽ ആയത് മാറനല്ലൂർ വില്ലേജിൽ ബ്ലോക്ക് 12-ൽ റിസർവ്വെ 35/3-ൽ ഭാഗികമായും റീസർവെ 35/50-ൽ പൂർണ്ണമായും ഉൾപ്പെട്ടു വരുന്നതായും കാണുന്നു. അളവിൻ പ്രകാരം റീസർവെ 35/3-ൽ 01.58 ആറും റീസർവ്വെ 35/50-ൽ 02.50 ആറും ആണ്. എന്നാൽ അപേക്ഷകൻ ഹാജരാക്കിയ ആധാരത്തിലും കോടതി ഉത്തരവിലും റീസർവ്വെ 35/3 മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ആയതിനാൽ റിസർവ്വെ 35/50 ഉം കൂടി ഉൾപ്പെടുത്തി പിഴതിരുത്താധാരം ഹാജരാക്കുന്നതിനും കോടതി ഉത്തരവിൽ റീസർവ്വെ 35/50 ഉൾപ്പെടുത്തുന്നതിനും അപേക്ഷകന് പല |

| | | | |
|---|---|---|---|
| | | | പ്രാവശ്യം കത്ത് നൽകിയെങ്കിലും അപേക്ഷകൻ ആയതിന് തയ്യാറാകാതെയാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. മാറനല്ലൂർ വില്ലേജിൽ 1990 കാലഘട്ടത്തിൽ റിസർവ്വെ നിലവിൽ വന്നപ്പോൾ തന്നെ റീസർവ്വെ 35/50 എന്ന സബ് ഡിവിഷൻ നിലവിൽ വന്നിട്ടുണ്ട്. റീസർവ്വേ പ്രകാരം നിലവിൽ വന്ന ഒരു സബ് ഡിവിഷൻ നമ്പർ ഒഴിവാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷകന്റെ പ്രശ്നം പരിഹരിക്കുവാൻ ടിയാൻ പിഴതിരുത്താധാരം ഹാജരാക്കേണ്ടതും കോടതി ഉത്തരവിൽ ടി സർവ്വെ നമ്പർ കൂടി ഉൾപ്പെടുത്തി ഉത്തരവ് ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തിരുത്തിയ രേഖകൾ അപേക്ഷകൻ ഹാജരാക്കിയാൽ മാത്രമേ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ